Reg. No. : ....................................

**ME 608**

Name : ...........................................

# FIRST YEAR HIGHER SECONDARY MODEL EXAMINATION, JUNE 2022
## Part – II
## MALAYALAM

Maximum : 80 Scores

Time : 2½ Hours
Cool-off Time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട 2½ മണിക്കൂർ സമയത്തിനു പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

Score

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. സ്കോർ 2 വീതം.** (4×2=8)

1. കാമുകന്റെ ഓർമ്മയിലെ പ്രണയാർദ്ര നിമിഷങ്ങൾ ആവിഷ്ക്കരിക്കുന്ന പ്രയോഗങ്ങൾ 'സന്ദർശനം' എന്ന കവിതയിൽ നിന്ന് എടുത്തെഴുതുക.

   - കനക മൈലാഞ്ചി നീരിൽ തുടുത്ത നിൻ
     വിരൽ തൊടുമ്പോൾ കിനാവ് ചുരക്കുക.
   - പൊൻചെമ്പകം പൂത്ത കരൾ.
   - പിടയുന്ന ഏകാന്ത രോദനം.
   - കവിത പോലും വരണ്ടു പോവുക.

2. കവിതയുടെ സ്വഭാവമായ രണ്ട് ആശയ സൂചനകൾ എഴുതുക.

- അർഥത്തിനപ്പുറമുള്ളതാണ് കവിത.
- അവ്യവസ്ഥിതത്വം കവി പ്രയോഗിക്കുന്ന സിംബലുകളിലുണ്ട്.
- എല്ലാവരും ഒരുപോലെ കാണുന്നതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ.
- പറയാനുള്ളത് നേരേചൊവ്വെ പറയുക.

3. 'കേൾക്കുന്നുണ്ടോ ?' എന്ന ഹ്രസ്വചിത്രത്തിന് യോജിക്കുന്ന പ്രസ്താവനകൾ ഏതെല്ലാം ?

- കേരളത്തിലെ നാടൻ കൃഷിരീതികൾ ആവിഷ്ക്കരിക്കുന്നു.
- മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള വസുധ പുരസ്ക്കാരം.
- കാഴ്ചശക്തി തീരെയില്ലാത്ത പെൺകുട്ടിയുടെ ഉൾക്കാഴ്ചയുടെ ആവിഷ്ക്കാരം.
- മികച്ച ബാലതാരത്തിനുള്ള ദേശീയ അവാർഡ്.

4. ആൽമരങ്ങളുടെ വേരുകൾ കണ്ടപ്പോൾ ലേഖകന് തോന്നിയത് എന്താണ് ?

- ഭൂമിക്ക് വേരുകളിലൂടെ ആയിരിക്കാം ആകാശത്തെ തൊടാനാകുന്നത്.
- പുഴയുടെ കഥകൾ വേരുകൾ കേൾക്കുന്നതുപോലെ.
- ആകാശത്തുനിന്ന് ഇറങ്ങി വന്ന് ഭൂമിയെ തൊടുന്ന പോലെ.
- മഴയുടെ നനവും പുഴയുടെ കുളിരും വേരുകളിലൂടെ തൊട്ടറിയുന്ന പോലെ.

Score

5. 'അരുൾ' ഇല്ലാത്ത മനുഷ്യൻ എന്തുപോലെയാണ് ?

- പ്രത്യാശ നിറഞ്ഞ ജീവി പോലെ.
- മരുവിൽ പ്രവഹിക്കുന്ന അംബു പോലെ.
- നിഷ്ഫല ഗന്ധപുഷ്പം പോലെ.
- ഇമ്പമുള്ള മനസ്സ് പോലെ.

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം.** (3×2=6)

6. രക്ഷപ്പെടലിന്റെ സാദ്ധ്യത വിരളമാണ് എന്ന പ്രഖ്യാപനമാണോ മത്സ്യം എന്ന കവിത ? സ്വാഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

7. 'പുറപ്പെട്ടേടത്താ –
ണൊരായിരം കാതമവൾ നടന്നിട്ടും;' – ഈ വരികൾ സൂചിപ്പിക്കുന്ന സ്ത്രീയവസ്ഥ എന്ത് ?

8. പ്രതികൂലമായ കാലാവസ്ഥകളിലും മനുഷ്യന് ആശ്രയമായിരുന്നു ശൈഖ് മുഹ്യുദ്ദീൻ അബ്ദുൾ ഖാദിർ ജീലാനി എന്ന സൂഫിശ്രേഷ്ഠൻ. ഇതിനു തെളിവായുള്ള അദ്ദേഹത്തിന്റെ പ്രവൃത്തികൾ ചൂണ്ടിക്കാട്ടുക.

9. 'കൈപ്പാട്' എന്ന ഡോക്യുമെന്ററി സിനിമ ആവിഷ്ക്കരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ രണ്ടെണ്ണം എഴുതുക.

Score

**10 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 4 വീതം.** **(5×4=20)**

**10.** 'ഉയിരിൻ കൊലക്കുടുക്കാക്കാവും കയറിനെ –
യുഴിഞ്ഞാലാക്കിത്തീർക്കാൻകഴിഞ്ഞതല്ലേ ജയം !' – മാനവ ജീവിതത്തെക്കുറിച്ചുള്ള കവിയുടെ നിരീക്ഷണം ഈ വരികളിൽ പ്രതിഫലിക്കുന്നതെങ്ങനെയാണ് ?

**11.** 'ക്ലോക് ടവറിന്റെ മുകളിൽ ചിരിച്ചുകൊണ്ടിരുന്ന മാലാഖ രക്തകണങ്ങളുതിർത്തു കൊണ്ട് ഒരു വെള്ളിൽപ്പക്ഷി കണക്കെ കറങ്ങിക്കറങ്ങി താഴെ വന്നു വീഴുന്നു' – ഈ വാക്യത്തിലെ ഭാഷാപരമായ സൗന്ദര്യം വിശകലനം ചെയ്യുക.

**12.** 'ആ കസേര അവിടെ സ്ഥിരമായി ഇട്ടിരിക്കുകയാണെന്നും അവൾ അവിടെ സ്ഥിരമായി ഇരുന്നു പുസ്തകങ്ങൾ എടുക്കാറുണ്ടെന്നും പെൺകുട്ടിക്കു തോന്നി'. വൃദ്ധയുടെ നിത്യജീവിതത്തിന്റെ എന്തു സവിശേഷതയാണ് ഈ വാക്യത്തിലൂടെ വെളിപ്പെടുന്നത് ?

**13.** 'എനിക്കൊരവസരം തരൂ; ഞാൻ എന്താണ് നേടിയെടുത്തിരിക്കുന്നതെന്ന് കാണിക്കാം'. – സ്വപ്നങ്ങളെ യാഥാർഥ്യമാക്കുന്നതിൽ നിരന്തരമായ പരിശീലനത്തിനും സമർപ്പണത്തിനുമുള്ള പ്രാധാന്യം ജോനാഥന്റെ ജീവിതത്തെ മുൻനിർത്തി വിലയിരുത്തുക.

Score

14. 'പെയ്യുവാൻ പോകുന്ന കാർമേഘത്തെപ്പോലെ ഈ ഓർമ്മ എന്റെ അന്തരംഗം പൊട്ടുമാറ് വിങ്ങി നിൽക്കുന്നു.' – ഏത് ഓർമ്മയെയാണ് എഴുത്തുകാരൻ സൂചിപ്പിക്കുന്നത് ?

15. മാപ്പിളപ്പാട്ടിന്റെ ഈണവും നാട്ടുഭാഷയുടെ തനിമയും ചേർത്ത് രചിക്കപ്പെട്ട ഗാനമാണ് കായലരികത്ത് – സ്വാഭിപ്രായക്കുറിപ്പ് എഴുതുക.

16. 'വാസനാവികൃതി'യിലെ നായകനായ കള്ളൻ മോഷണരംഗത്ത് താൻ നവീനനാണ് എന്നു പറയുന്നതിന്റെ കാരണമെന്ത് ? കുറിപ്പെഴുതുക.

**17 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 6 വീതം.** **(5×6=30)**

17. സാധാരണക്കാരന്റെ പ്രത്യാശകളും നൊമ്പരങ്ങളും ചിത്രീകരിക്കുന്ന സിനിമ എന്ന നിലയിൽ ബൈസിക്കിൾ തീവ്സ്നെ വിശകലനം ചെയ്യുക.

18. പ്രമേയത്തിന്റെയും ആഖ്യാനത്തിന്റെയും സവിശേഷതകൾ കൊണ്ട് വേറിട്ടു നിൽക്കുന്ന ചെറുകഥയാണ് 'ശസ്ത്രക്രിയ' – പ്രതികരിക്കുക.

19. പ്രതികൂല സാഹചര്യങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് ആധുനിക മനുഷ്യൻ നടത്തുന്ന നിരന്തര യാത്രയാണ് 'മത്സ്യം' എന്ന കവിത ആഖ്യാനം ചെയ്യുന്നത്. വിലയിരുത്തുക.

Score

20. പ്രണയവും സ്ത്രീയുടെ നോവും ഒരേ കാവ്യബിംബത്തിലൂടെ വ്യത്യസ്തമായി ആവിഷ്ക്കരിക്കുന്ന കവിതകളാണ് 'സന്ദർശനവും' 'സംക്രമണവും' – വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**സൂചന** :

**'കുങ്കുമത്തരി പുരണ്ട ചിദംബര സന്ധ്യകൾ'**
**(സന്ദർശനം)**
**'ചലവും ചോരയുമൊലിക്കും സന്ധ്യയിൽ'**
**(സംക്രമണം)**

21. **ചിറ്റാടയുണ്ടു ഞാൻ പെട്ടകം തന്നുള്ളിൽ**
**മറ്റാരും കാണാതെ വച്ചു പോന്നൂ.**
**'ഊനപ്പെട്ടില്ലല്ലീയെന്നതേ ചിന്തിച്ചു**
**ദീനമാകുന്നുതെന്മാനസത്തിൽ' – കൃഷ്ണഗാഥയുടെ** രചനാപരമായ സവിശേഷതകൾ ഈ വരികളെ **മുൻനിർത്തി വിശദീകരിക്കുക.**

22. തേതിയേടത്തി എന്ന ദേവകീ മാനമ്പള്ളിക്ക് സ്വാതന്ത്ര്യ സമരഘട്ടത്തിലെ ഇന്ത്യൻ സ്ത്രീയുടെ ഏതു മുഖമാണുള്ളത് ? പ്രതികരിക്കുക.

23. 'വാസനാവികൃതി'യിൽ കാണുന്ന ദീർഘമായ വിവരണങ്ങൾ ചെറുകഥ എന്ന രൂപത്തിന്റെ ശില്പഭംഗിക്ക് തടസ്സമാകുന്നുണ്ടോ ? വിശകലനക്കുറിപ്പ് തയ്യാറാക്കുക.

**24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം.** (2×8=16)

24. സിനിമകൾ ജനപ്രിയത ആർജ്ജിക്കുന്നതിനു കാരണമായി ലേഖകൻ ചൂണ്ടിക്കാട്ടുന്ന വസ്തുതകൾ വിശകലനം ചെയ്യുക.

Score

**25.** സ്ത്രീ ഒരു നിശ്ശബ്ദ ജീവിയായിരിക്കണം എന്ന സാമൂഹികമായ കാഴ്ചപ്പാട് ഓർമ്മയുടെ ഞരമ്പ്, സംക്രമണം എന്നീ പാഠങ്ങൾ വിമർശ വിധേയമാക്കുന്നുണ്ടോ ? സ്വാഭിപ്രായം രൂപീകരിക്കുക.

സൂചന :

''ഒച്ചയെടുക്കാതെ പെണ്ണേ''.. വൃദ്ധ സൗമ്യതയോടെ ശാസിച്ചു.

(ഓർമ്മയുടെ ഞരമ്പ്)

'ഒരു നിശ്ശബ്ദമാം
മുറിവിൻ വക്കുകളതിന്റെ ചുണ്ടുകൾ'

(സംക്രമണം)

**26.** 'വൈലോപ്പിള്ളിക്കവിതയിലെ പ്രണയസങ്കല്പം' 'ഊഞ്ഞാലിൽ' എന്ന കവിതയെ മുൻനിർത്തി വിശകലനം ചെയ്യുക.

**27.** 'ജനലിനപ്പുറം ജീവിതം പോലെയി –
പ്പകൽ വെളിച്ചം പൊലിഞ്ഞു പോകുന്നതും' – പ്രണയാർദ്ര നിമിഷങ്ങൾ നഷ്ടപ്പെട്ടു പോയതിന്റെ വിഹ്വലതയാണ് സന്ദർശനം എന്ന കവിത. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

---